**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 10% സാമ്പത്തിക സംവരണം ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം വൈസ്- ചാൻസിലർ എടുത്ത തീരുമാനം സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്തതു സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4719/AC A 1/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 15.10.2020

---

*പരാമർശം:*-26.08.2020 തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം.
നം.46/20.04/28242/AcA1/3/2020

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം, സിൻഡിക്കേറ്റ്/അക്കാദമിക കൗൺസിൽ യോഗം കൂടാതിരിക്കുന്ന അടിയന്തിര സാഹചര്യങ്ങളിൽ വൈസ് -ചാൻസിലർക്ക് ടി ആക്ട് പ്രകാരം സിൻഡിക്കേറ്റിന്റെ/അക്കാദമിക കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് തീരുമാനം എടുക്കാവുന്നതാണ്. അതിൻപ്രകാരം എടുത്ത തീരുമാനങ്ങൾ അടുത്ത സിൻഡിക്കേറ്റിൽ/അക്കാദമിക കൗൺസിലിൽ തന്നെ റിപ്പോർട്ട് ചെയ്യണമെന്ന് ടി ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (Economically Weaker Section) വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10% സംവരണം ഏർപ്പെടുത്തിക്കൊണ്ട് സ.ഉ.(എം.എസ്).നം.128/2020/ഉ.വി.വ തീയതി 20.03.2020 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ്, സർവ്വകലാശാല പുറത്തെഴുത്ത് നം. 14911/ADA 3/ 4/2020/ADMIN തീയതി 23.04.2020 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. മേൽ സർക്കാർ ഉത്തരവ് പ്രകാരം, ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള 10% സംവരണം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ / വ്യവസ്ഥകൾ ബന്ധപ്പെട്ട പ്രോസ്പെക്ടസ്, അപേക്ഷാ ഫോറങ്ങൾ എന്നിവയിൽ ചേർക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദ / ബിരുദാനന്തര ബിരുദ പ്രവേശനത്തിന് മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള 10% സംവരണം ഉറപ്പാക്കുന്നതിനായി താഴെ സൂചിപ്പിച്ചിരിക്കുന്ന തരത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ്-ചാൻസിലർ അംഗീകരിച്ച നടപടിയും, അതനുസരിച്ച് പുറപ്പെടുവിച്ച 07.07.2020- ലെ 3074/ ACA1/ 2020/എം.ജി.യു നമ്പർ സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

1.സർക്കാർ കോളേജുകളിലെ പ്രവേശനത്തിന് EBFC (Economically Backward among Forward Communities) വിഭാഗത്തിൽ പെട്ടവർക്ക് നിലവിൽ നൽകുന്ന 10% സംവരണം EWS (Economically Weaker Section) എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 28242/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 14-Oct-2020 01:01 PM - Page 1

2. സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തിനും എയ്ഡഡ് കോളേജിലെ സ്വാശ്രയ പ്രോഗ്രാമുകളിലെ പ്രവേശനത്തിനും 50% മെറിറ്റ് സീറ്റുകളുടെ 65% സീറ്റുകളാണ് പൊതു വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ളത്. ഇതിൽ 10% EWS വിഭാഗത്തിനായി മാറ്റിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ്- ചാൻസിലർ/പ്രോ- വൈസ്- ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
3. ജെ.ആർ/ഡി.ആർ/എ. ആർ (അക്കാദമിക് പരീക്ഷാ വിഭാഗം)
4. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എസി.സി.1 /എസി.സി.2/എ സി എ 8/എ സി ബി6/ CITAD
5.സിസ്റ്റം മാനേജർ / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
5. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 28242/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 14-Oct-2020 01:01 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം